# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4808

05-02-2014 ൽ മറുപടിയ്ക്ക്

## നെല്ല് ഉല്പാദനം

**ചോദ്യം**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.എം.ചന്ദ്രൻ
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)
ശ്രീ.കെ.ദാസൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അരിയുടെ ആവശ്യകതയും നെല്ലിന്റെ ലഭ്യതയും സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; നെല്ലിന്റെ ഉൽപ്പാദന വർദ്ധനയ്ക്കായി അവശേഷിക്കുന്ന നെൽകൃഷിക്ക് അനുയോജ്യമായ ഭൂമി മുഴുവനും അതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശമുണ്ടോ; പ്രതീക്ഷയ്ക്കൊത്ത് നെല്ല് ഉല്പാദനം ഉണ്ടാകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. അവശേഷിക്കുന്ന നെൽകൃഷിക്ക് അനുയോജ്യമായ ഭൂമി മുഴുവനും അതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശമുണ്ട്. ഇതിനായി സർക്കാർ തലത്തിൽ നിരവധി നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നെല്ലിന്റെ ഉല്പാദനക്ഷമത വർഷം തോറും കൂടുന്നുണ്ടെങ്കിലും നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം വർഷം തോറും കുറഞ്ഞു വരുന്നതിനാലും തരിശിടുന്ന പ്രവണത ഏറിവരുന്നതിനാലും ആണ് നെല്ലുല്പാദനം പ്രതീക്ഷയ്ക്കൊത്ത് ലഭിക്കാത്തത്. |
| (ബി) | എങ്കിൽ അതിനായുള്ള കർമ്മപദ്ധതി എന്താണെന്ന് വിശദമാക്കാമോ; നെൽക്കർഷകരെ പ്രോത്സാഹിപ്പിക്കാൻ പുതിയ പദ്ധതികൾ എന്തെല്ലാമാണ്? | (ബി) | നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ 2013-14 വർഷം നടപ്പിലാക്കി വരുന്നു.<br>1. സുസ്ഥിര നെൽകൃഷി വികസനം<br>2. വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3. കരനെൽകൃഷി വികസനം<br>4. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം.<br>5. പി.പി.പി.എസ്.ആർ.ഐ പദ്ധതി |

2013-14 വർഷം തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 14 ജില്ലകളിൽ ഒന്നാം വർഷം 1386 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30,000/- രൂപ സബ്സിഡി നിരക്കിൽ 415.8 ലക്ഷം രൂപയും രണ്ടാം വർഷം 1005.38 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 15,000/- രൂപ സബ്സിഡി നിരക്കിൽ 150.8075 ലക്ഷം രൂപയും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കുട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 250 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30,000/- രൂപ സബ്സിഡി നിരക്കിൽ 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയനുസരിച്ച് 260 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു.

നെൽകർഷകർക്ക് ഉല്പാദനബോണസ് നൽകുന്നതിനായി 1130.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസന പദ്ധതിയിൽ 860 ഹെക്ടർ പൊക്കാളി നെൽകൃഷി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 86 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ വികസനത്തിനായി 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ